# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64 — 28.09.2016 -ൽ മറുപടിയ്ക്ക്

## ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി. | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് വർഷത്തിന്റെ ഭൂരിഭാഗവും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് എന്തൊക്കെ കരുതൽ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; | എ) നിലവിലുള്ള ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ നദികൾ, തടാകങ്ങൾ തുടങ്ങിയവ സംരക്ഷിച്ച് നിലനിർത്തുക, തടയണകൾ, റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ നിർമ്മിച്ച് ജല ലഭ്യത വർദ്ധിപ്പിക്കുക, വിവിധ കുഴൽകിണർ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള കൃത്രിമ ഭൂജല സംപോഷണം നടത്തുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോക ബാങ്ക് ധന സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാം ഘട്ട പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി മുഖേന 115 പഞ്ചായത്തുകളിൽ നടപ്പാക്കി വരുന്നു. 1022 കോടി രൂപ മുതൽ മുടക്കി 2012-2017 കാലയളവിൽ കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം |
| ബി) പരമ്പരാഗത ജലസ്രോതസ്സുകൾ, നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിച്ച് ഭൂഗർഭജലവിതാനം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ; | ബി) നിലവിലുള്ള ജലസ്രോതസ്സുകളായ നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) മഴവെള്ളം സംഭരിച്ച് പുനരുപയോഗം നടത്തുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത്; വിശദമാക്കുമോ? | സി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയുടെ ഭാഗമായ 'മഴകേന്ദ്രം' മുഖാന്തിരം മഴവെള്ളം സംഭരിച്ച് പുനരുപയോഗം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ മഴവെള്ള സംഭരണം -ഭൂജല |

പരിപോഷണം പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗിച്ച് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നു. കൂടാതെ 2015-16 വർഷം മുതൽ പ്രസ്തുത പദ്ധതി വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. പുരപ്പുറത്തു വീഴുന്ന മഴവെള്ളം ഒഴുകി പാഴായിപ്പോകാതെ മഴവെള്ള സംഭരണികളിൽ ശേഖരിച്ച് പുനരുപയോഗത്തിന് ഈ പദ്ധതി വഴിയൊരുക്കുന്നു. വിദ്യാലയങ്ങളിൽ ജലസൗഹാർദ്ദ വിദ്യാലയം പദ്ധതി വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**